# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1772** 01.11.2019 -ലെ മറുപടിയ്ക്ക്

## കുട്ടമ്പുഴയിൽ സർക്കാർ കോളേജ്

ചോദ്യം | ഉത്തരം

ശ്രീ. ആന്റണി ജോൺ

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | കോതമംഗലം മണ്ഡലത്തിൽ നിരവധി ആദിവാസികോളനികൾ ഉൾക്കൊള്ളുന്ന കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോളേജ് ആരംഭിക്കുന്നതിനായി ജലസേചന വകുപ്പിന്റേതായി കുട്ടമ്പുഴ പഞ്ചായത്തിലെ ഞായപ്പള്ളി വാർഡിലുള്ള സ്ഥലത്ത് നിന്നും 5 ഏക്കർ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ റിസോഴ്സ് വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ; | (ബി) & (സി) | ഉണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ കോളേജ് ആരംഭിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നതിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ഞായപ്പിള്ളി വാർഡിലെ ജലസേചന വകുപ്പിന്റേതായ $10^1/_2$ ഏക്കർ സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോടും എറണാകുളം കളക്ടറോടും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ സഹിതം കോളേജ് ആരംഭിക്കുന്നതിനായി 5 ഏക്കർ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് വാട്ടർ റിസോഴ്സ് വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. |
| (സി) | കോളേജ് ആരംഭിക്കുന്നതിനു ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഡി) | പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കുട്ടമ്പുഴയിൽ കോളേജ് ആരംഭിക്കുന്ന നടപടി വേഗത്തിലാക്കുമോ;എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | കോളേജ് ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.